പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3647 — 26.06.2012 -ലെ മറുപടി

## കോഴിക്കോട് - ബാംഗ്ലൂർ റൂട്ടിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. സെമി സ്ലീപ്പർ, സ്ലീപ്പർ ബസുകൾ അനുവദിക്കാൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എം. ഷാജി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മലബാർ മേഖലയിലെ യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | മലബാർ മേഖലയിൽ കെ.എസ്.ആർ.ടി.സി. യുടെ സർവ്വീസുകൾ കഴിഞ്ഞ കുറച്ച് കാലത്തിനകം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. നഗരങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടും ഉൾപ്രദേശങ്ങളിൽ നിന്നും നഗരങ്ങളിലേക്കും കൂടുതൽ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ആരംഭിച്ചിട്ടുണ്ട്. കൂടുതൽ ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുമെന്നും അതു വഴി യാത്രാക്ലേശം പരമാവധി കുറക്കുവാൻ കഴിയുമെന്നും കരുതുന്നു. |
| (ബി) | എങ്കിൽ മലബാറിലെ ഗ്രാമീണ മേഖലകളിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. ബസുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | | |
| (സി) | കോഴിക്കോട് -ബാംഗ്ലൂർ റൂട്ടിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. സെമിസ്ലീപ്പർ, സ്ലീപ്പർ ബസുകൾ അനുവദിക്കാൻ വേണ്ടി നടപടികൾ സ്വീകരിക്കുമോ? | (സി) | ഇത്തരം സർവ്വീസ്സുകൾക്ക് ഉപയുക്തമായ ബസ്സുകൾ ഉടൻ ലഭ്യമാകാത്തതിനാൽ ഇപ്പോൾ പരിഗണനയിലില്ല. |

(signature)

സെക്ഷൻ ഓഫീസർ